# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2699 — 12.03.2018 ലെ മറുപടിയ്ക്ക്

### എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം മെച്ചപ്പെടുത്തൽ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ഉമ്മർ<br>''പി.കെ. ബഷീർ<br>''അബ്ദുൽ ഹമീദ്. പി<br>''പി.ബി. അബ്ദുൽ റസ്സാക്ക് | | **പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ എ.ഐ.സി.ടി.ഇ ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ പ്രധാന ശുപാർശകൾ വിശദമാക്കാമോ;<br><br>(ബി) ഇതുമായി ബന്ധപ്പെട്ട് എ.ഐ.സി.ടി.ഇ അധികൃതർ സംസ്ഥാന സർക്കാരുമായി ചർച്ച നടത്തിയിരുന്നോ; വിശദമാക്കാമോ;<br><br>(സി) എങ്കിൽ പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി സർക്കാർ തലത്തിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ? | (എ) യും (ബി) യും (സി) യും | സംസ്ഥാനത്ത് പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾക്കായുള്ള ശുപാർശകൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കർമ്മ പദ്ധതി എ.ഐ.സി.ടി.ഇക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ എഞ്ചിനീയറിംഗ് കേളേജുകളുടെ ഗുണ നിലവാരം ഉയർത്തുന്നതിനുള്ള ഏതാനും ശുപാർശകളും ഉൾപ്പെടുത്തിയിട്ടുണ്ട്. യോഗ്യരായ അദ്ധ്യാപകരുടെ സേവനം ഉറപ്പ വരുത്തുക, അദ്ധ്യാപകരുടെ ഗുണനിലവാരം സ്ഥിരമായി വിലയിരുത്തുക, അദ്ധ്യാപനത്തിന്റേയും പഠനത്തിന്റേയും നിലവാരം യഥാസമയങ്ങളിൽ വിലയിരുത്തുക, തുടങ്ങിയവ വഴി ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനാണ് ശുപാർശകളിൽ വിഭാവനം ചെയ്തിരുന്നത്. ഇതു സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ